വിവാഹബന്ധം വേർപെടുത്തപ്പെട്ടവരുടെ കുട്ടികളുടെ പേര് തിരുത്തുന്നത്

233 (3440) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹബന്ധം വേർപെടുത്തുകയോ, വേറിട്ട താമസിക്കുകയോ ചെയ്യുന്നവരുടെ കുട്ടികളുടെ പേരു തിരുത്തുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച നിബന്ധനകൾ ഉദാരമാക്കി 2014 -ൽ ശേഷം പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കുട്ടികളുടെ പേരു തിരുത്തുന്നതിന് സോമലത ടി.വി. , ലതാഹൗസ്, കരിവെള്ളൂർ, പയ്യന്നൂർ മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരുന്നോ;

(ഡി) പ്രസ്തുത അപേക്ഷ നിരസിച്ചുവെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) അപേക്ഷ അനുവദിക്കുന്നതിന് കൂടുതൽ എന്തെങ്കിലും വിവരങ്ങൾ ആവശ്യമുണ്ടോ; എങ്കിൽ അത് രേഖാമൂലം വ്യക്തമാക്കി അപേക്ഷകയ്ക്ക് കത്തു നൽകിട്ടുണ്ടോ; എങ്കിൽ പകർപ്പ് നൽകാമോ?

ഉത്തരം

(എ) വിവാഹബന്ധം വേർപെടുത്തുകയോ വേറിട്ട് താമസിക്കുകയോ ചെയ്യുന്നവരുടെ കുട്ടികളുടെ പേര് തിരുത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. വിവാഹബന്ധം വേർപെടുത്തുകയോ വേറിട്ട് താമസിക്കുകയോ ചെയ്യുന്ന മാതാപിതാക്കളുടെ കേസുകളിൽ കുട്ടിയുടെ പേര് തിരുത്തുന്നതിനായി മാതാപിതാക്കളുടെ സംയുക്ത അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതിനാൽ മാതാവ്/പിതാവ് ഉപേക്ഷിച്ച പോയിട്ടുള്ള കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതിനനുസരിച്ച് മാതാവിന്റെ/പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേരുതിരുത്തി നൽകാവുന്നതാണ്. ഇത്തരം സന്ദർഭത്തിൽ മാതാവ്/പിതാവ്, കുട്ടിയും തിരിച്ചറിയൽ രേഖയും സഹിതം രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതുമാണ്. തിരുത്തലിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകാവുന്നതാണെന്ന് 18-15-2014-ലെ 55767/ആർ.ഡി3/2014/ തസ്വഭവ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

GPM. 2/244/2020-39

LIBRARY ARCHIVES Kerala Legislative Assembly

(ബി) 18-12-2014-ലെ 55767/ആർ.ഡി3/14/തസ്വഭവ നമ്പർ സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) കുട്ടിയുടെ പേര് തിരുത്തുന്നതിനായി ശ്രീമതി സോമലത ടി.വി, ലതാഹൗസ്, കരിവെള്ളൂർ എന്നയാൾ പയ്യന്നൂർ മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ഡി&ഇ) ബാധകമല്ല.

സമ്പൂർണ്ണ ശുചിത്വ ഫണ്ട്

234 (3441) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വ ഫണ്ട്, പഞ്ചായത്ത് തലത്തിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കൃത്യമായി വിനിയോഗിക്കാൻ പുതിയ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുത തസ്തിക നിലവിലുണ്ടായിരുന്ന 5 പഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയ സാഹചര്യത്തിൽ മറ്റു പഞ്ചായത്തുകളിലും തസ്തിക സൃഷ്ടിക്കുവാൻ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) നഗരകാര്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നത് മാത്രമായുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. പുതുതായി രൂപീകരിച്ച നഗരസഭകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

പരിരക്ഷ പദ്ധതി

235 (3442) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വളളിക്കുന്ന് നിയോജക മണ്ഡലത്തിൽ മൂന്നിയൂർ പഞ്ചായത്ത് നടപ്പിലാക്കി വരുന്ന കിടപ്പിലായ രോഗികളെ വീട്ടിലെത്തി പരിചരിക്കുന്ന 'പരിരക്ഷ' പദ്ധതി സംസ്ഥാനത്തിന് തന്നെ മാതൃകയായ പദ്ധതിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly